## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 830 — 25.01.2018-ൽ മറുപടിക്ക്

### പട്ടിക ഗോത്ര വിഭാഗങ്ങളിലെ ടി.ടി.സി - ബി.എഡ് പാസ്സായവർക്ക് ജോലി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കാരാട്ട് റസാഖ്:** | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) |
| എ) | ഗോത്രവർഗ്ഗഭാഷാ പരിജ്ഞാനമുള്ള പട്ടിക ഗോത്ര വിഭാഗങ്ങളിൽ ടി.ടി.സി - ബി.എഡ് പാസ്സായ മുഴുവൻപേർക്കും ജോലി നൽകണമെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; | എ) & ബി) | പട്ടിക ഗോത്രവിഭാഗങ്ങളിലെ ടി.ടി.സി, ബി.എഡ് പാസ്സായ എല്ലാവർക്കും ജോലി നല്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ഗോത്രവർഗ്ഗ ഭാഷാ പരിജ്ഞാനമുള്ള പട്ടിക ഗോത്ര വിഭാഗങ്ങളിൽ ടി.ടി.സി/ബി.എഡ്/ഡി.എഡ് പാസ്സായ പട്ടിക വർഗ്ഗക്കാരിൽ നിന്നും അഭിമുഖത്തിലൂടെ തെരഞ്ഞെടുക്കുന്നവരെ ദിവസ വേതനാടിസ്ഥാനത്തിൽ അധ്യാപകരായി നിയമിക്കുന്ന പദ്ധതിയായ "ഗോത്രബന്ധു" പദ്ധതി പ്രകാരം വയനാട് ജില്ലയിലെ വൈത്തിരി, മാനന്തവാടി. സുൽത്താൻ ബത്തേരി താലൂക്കുകളിലായി 241 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ഓരോ മെന്റർ ടീച്ചർമാരെ 2017-2018 അധ്യയന വർഷം നിയമിച്ചിട്ടുണ്ട്. അട്ടപ്പാടിയിലെ 26 സ്കൂളുകളിലേക്ക് കൂടി ഈ പദ്ധതി വ്യാപിപ്പിക്കുകയാണ്. സംസ്ഥാന വ്യാപകമായി നടപ്പാക്കുന്ന കാര്യം പരിശോധിച്ച് വരുന്നു. |
| ബി) | ഉണ്ടെങ്കിൽ ഇതനുസരിച്ച് ഇതുവരെ എത്രപേർക്ക് ജോലിനൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | | |
| സി) | ഗോത്രഭാഷയിൽ അധ്യയനം നടത്തുമ്പോൾ ഗോത്രമേഖലയിലെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കുന്നതിനും പഠന നിലവാരം ഉയർത്തുന്നതിനും കഴിഞ്ഞിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | സി) | ഗോത്രഭാഷയിൽ അധ്യയനം നടത്തുന്നത് വഴി ഗോത്രമേഖലയിലെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കുന്നതിനും പഠന നിലവാരം ഉയർത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്. 2016-2017ൽ വയനാട് ജില്ലയിൽ 1 മുതൽ 4 വരെ ക്ലാസുകളിൽ പഠിച്ചിരുന്ന 359 പട്ടിക വർഗ വിദ്യാർത്ഥികൾ കൊഴിഞ്ഞുപോയിരുന്നു. എന്നാൽ ഗോത്രബന്ധു പദ്ധതി നടപ്പിലാക്കിയതിന്റെ ഫലമായി 2017-2018 വർഷത്തിൽ കൊഴിഞ്ഞുപോക്ക് 321 ആയി കുറയ്ക്കാൻ കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ